**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4050** **12.12.2018**- ൽ മറുപടിയ്ക്ക്

**സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

ചോദ്യം

ശ്രീ.ടി.വി.ഇബ്രാഹിം

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ; | (എ) | അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം സാമൂഹ്യനീതി വകുപ്പിന് അനുവദിച്ച തുക എത്ര; വിനിയോഗിച്ച തുക എത്ര എന്ന് ജില്ല തിരിച്ച് വിശദമാക്കാമോ? | (ബി) | 2018-19 വർഷം മുതലാണ് സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും വിഭജിച്ച് ബഡ്ജറ്റ് ശീർഷകങ്ങളിൽ പ്രത്യേക തുക അനുവദിച്ച് കൊണ്ട് പ്രവർത്തിച്ച് തുടങ്ങിയത്. ആയതിനാൽ ചെലവഴിച്ചതിന്റെ വിശദാംശങ്ങളിൽ ഇരു വകുപ്പുകളുടെയും കണക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സാമൂഹ്യനീതി വകുപ്പിന് മാത്രമായി അനുവദിച്ച തുക (സംസ്ഥാന പദ്ധതികൾക്കായി) 165.11 കോടി രൂപയാണ്. ടി തുകയിൽ നിന്നും ജില്ലകൾ മുഖേന ചെലവഴിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ( പ്ലാൻ സ്പേസിലെ ട്രഷറി എക്സ്പെൻഡിച്ചർ അടിസ്ഥാനമാക്കി) അനുബന്ധം II ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

## ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികൾ:-

1. ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം.
2. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.
3. അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് സഹായം നൽകുന്നതിനായി **പരിരക്ഷ പദ്ധതി.**
4. തീവ്ര മാനസിക – ശാരീരിക വെല്ലുവിളി നേരിടുന്ന മക്കൾ ഉള്ള മാതാവിന് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന **സ്വാശ്രയ പദ്ധതി.**
5. കാഴ്ച വൈകല്യം ഉള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനായി ധനസഹായം നൽകുന്ന **മാതൃജ്യോതി പദ്ധതി**.
6. ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ ധനസഹായം നൽകുന്നതിനായി **പരിണയം പദ്ധതി.**
7. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണം, യൂണിഫോം എന്നിവ വാങ്ങുന്നതിനായി ധനസഹായം നൽകുന്ന **വിദ്യാജ്യോതി പദ്ധതി**.
8. ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായുള്ള **വിദ്യാകിരണം പദ്ധതി**.
9. കാഴ്ച വൈകല്യമുള്ള അഭിഭാഷകർക്ക് റീഡേഴ്സ് അലവൻസ് നൽകുന്ന പദ്ധതി.
10. ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം നൽകുന്ന പദ്ധതി.
11. തുല്യതാ പരീക്ഷ എഴുതുന്നതിന് സഹായം നൽകുന്നതിനുള്ള പദ്ധതി.
12. ആരോഗ്യ ഇൻഷ്വറൻസ് നൽകുന്നതിനായി **നിരാമയ ഇൻഷ്വറൻസ് പദ്ധതി**.
13. സംസ്ഥാനത്തെ പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായുള്ള **ബാരിയർ ഫ്രീ കേരള പദ്ധതി**.
14. തിരുവനന്തപുരത്തും കോഴിക്കോട്ടുമായി രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ (VTCs).
15. കേരള സൈക്കോ സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് **ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്ന പദ്ധതി**.
16. ഭിന്നശേഷിക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് NGO കളുമായി സഹകരിച്ചുകൊണ്ടും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

## വയോജനങ്ങൾക്കായുള്ള പദ്ധതികൾ.

1. പഞ്ചായത്തുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകുന്നതിനായുള്ള **സായംപ്രഭ ഹോം പദ്ധതി.**

2. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര വച്ച് നൽകുന്നതിനായുള്ള **മന്ദഹാസം പദ്ധതി**.
3. സർക്കാർ വൃദ്ധ സദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സ നൽകുന്നതിനായുള്ള **വയോ അമൃതം പദ്ധതി**.
4. **വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത് പദ്ധതി.**

**<u>ട്രാൻസ്ജൻഡർമാർക്കുള്ള പദ്ധതികൾ</u>**

1. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.
2. സ്വയം തൊഴിൽ ധനസഹായ പദ്ധതി.
3. നൈപുണ്യ പരിശീലന പദ്ധതി.
4. ഡ്രൈവിംഗ് പരിശീലന പദ്ധതി.
5. തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി.
6. തുടർ വിദ്യാഭ്യാസം നൽകുന്നതിനായി സമന്വയ പദ്ധതി.
7. C-STED മായി സഹകരിച്ച് സംരംഭകത്വ വികസന പരിപാടി.
8. T.G. ഹെൽപ്പ് ലൈൻ.
9. വിവിധ ബോധവൽക്കരണ പരിപാടികൾ.

**<u>പ്രൊബേഷണർമാർ/മുൻ കുറ്റവാളികൾ/ജയിൽ മോചിതർ എന്നിവർക്കായുള്ള ക്ഷേമ പദ്ധതികൾ.</u>**

1. കുറ്റവാളികളുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായുള്ള ധനസഹായ പദ്ധതി.
2. കുറ്റകൃത്യങ്ങൾക്കിരയായവരുടെ പുനരധിവാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി.
3. തടവുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി.
4. ജയിൽ തടവുകാരുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്നതിനായുള്ള പദ്ധതി.

- പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്ര വിവാഹിതർക്കുള്ള ധനസഹായ പദ്ധതി.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം II

| ജില്ല | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 608.76 | 546.57 |
| കൊല്ലം | 610.15 | 580.59 |
| പത്തനംതിട്ട | 174.15 | 166.48 |
| ആലപ്പുഴ | 178.69 | 171.60 |
| കോട്ടയം | 230.65 | 201.99 |
| ഇടുക്കി | 203.48 | 189.29 |
| എറണാകുളം | 417.45 | 389.68 |
| തൃശ്ശൂർ | 274.41 | 247.91 |
| പാലക്കാട് | 272.81 | 250.09 |
| മലപ്പുറം | 1161.35 | 1141.28 |
| കോഴിക്കോട് | 574.63 | 525.09 |
| വയനാട് | 762.31 | 740.46 |
| കണ്ണൂർ | 324.32 | 295.15 |
| കാസർഗോഡ് | 232.74 | 195.20 |

സെക്ഷൻ ഓഫീസർ